17
ബുധൻ
മെയ് 2023
1198 ഇടവം 3
പേജ് 16, വില ₹ 8.50

തിരുവനന്തപുരം
കോഴിക്കോട് | കൊച്ചി | കണ്ണൂർ | കോട്ടയം | തൃശൂർ
മലപ്പുറം | പാലക്കാട് | ആലപ്പുഴ | കൊല്ലം

ദേശാഭിമാനി

ESTD. 1942

www.deshabhimani.com
facebook.com/deshabhimani
@DBIDaily
dbitvm@gmail.com

ജനകീയ സർക്കാരിന് കരുത്ത് പകരുക: കെഎസ്ഇഎ

സ്വന്തം ലേഖകൻ

തിരുവനന്തപുരം

പ്രതിബന്ധങ്ങൾക്കിടയിലും ജനകീയ താൽപ്പര്യവുമായി മുന്നോട്ട് പോകുന്ന സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് കരുത്ത് പകരാൻ കേരള സെക്രട്ടറിയറ്റ് എംപ്ലോയീസ് അസോസിയേഷൻ സുവർണ ജൂബിലി സമ്മേളനം ആഹ്വാനം ചെയ്തു.

കേരള വികസനത്തെ തകർക്കുന്നതാണ് കേന്ദ്ര സർക്കാരിന്റെ നിലപാടുകൾ. രാജ്യമാകെ ഉയർന്നുവരുന്ന ജനകീയ പ്രതിരോധത്തിന് കേരളം കരുത്തായി മാറുന്നുവെന്നതിനാൽ എൽഡിഎഫ് സർക്കാരിനെ ദുർബലപ്പെടുത്തുകയെന്നത് കോർപറേറ്റ് ശക്തികളുടെയും താൽപ്പര്യമായി മാറി. ഇതിനെ ചെറുത്ത് തോൽപ്പിക്കണം.

വർഗീയ ധ്രുവീകരണം ലക്ഷ്യമിട്ട് വിദ്വേഷ പ്രചാരണം നടത്തുന്ന സംഘപരിവാർ നീക്കം ചെറുക്കുക, ക്ഷാമബത്ത കുടിശ്ശിക അനുവദിക്കുക, കേന്ദ്രസർവീസിലെ 12 ലക്ഷം തസ്തികയിൽ ഉടൻ നിയമനം നടത്തുക, ആർഎസ്എസ് അജൻഡകൾക്കനുസൃതമായി പാഠപുസ്തകങ്ങൾ മാറ്റിയെഴുതുന്ന നടപടിയിൽനിന്ന് കേന്ദ്രം പിന്മാറുക തുടങ്ങിയ പ്രമേയങ്ങളും അവതരിപ്പിച്ചു.

എ കെ ജി ഹാളിൽ ജനറൽ സെക്രട്ടറി കെ എൻ അശോക് കുമാർ രക്തസാക്ഷി മണ്ഡപത്തിൽ പുഷ്പചക്രമർപ്പിച്ചതോടെ പ്രതിനിധി സമ്മേളനത്തിന് തുടക്കമായി. ജനറൽ സെക്രട്ടറി കെ എൻ അശോക്കുമാർ പ്രവർത്തന റിപ്പോർട്ടും ട്രഷറർ കല്ലുവിള അജിത് വരവുചെലവ് കണക്കും അവതരിപ്പിച്ചു. നിഷാ ജാസ്മിൻ പ്രമേയവും പുത്തനമ്പലം ശ്രീകുമാർ അനുശോചന പ്രമേയവും അവതരിപ്പിച്ചു. ബുധൻ രാവിലെ പത്തിന് പ്രകടനമാരംഭിക്കും. തുടർന്ന് പൊതുസമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. എംഎൽഎമാരായ വി ജോയി, കടകംപള്ളി സുരേന്ദ്രൻ തുടങ്ങിയവർ സംസാരിക്കും. പകൽ മൂന്നിന് കുടുംബ സംഗമം മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്യും. സുരേന്ദ്രൻസ്മാരക സാഹിത്യ പുരസ്കാരം സമ്മാനിക്കും. വൈകിട്ട് അഞ്ച് മുതൽ കണ്ണൂർ ബിറ്റ്സ് അവതരിപ്പിക്കുന്ന ഗാനമേള.

കേരള സെക്രട്ടറിയറ്റ് എംപ്ലോയീസ് അസോസിയേഷൻ സുവർണ ജൂബിലി സമ്മേളനത്തിന്റെ ഭാഗമായി രക്തസാക്ഷി മണ്ഡപത്തിൽ ജനറൽ സെക്രട്ടറി കെ എൻ അശോക് കുമാറിന്റെ നേതൃത്വത്തിൽ അഭിവാദ്യമർപ്പിക്കുന്നു

പി ഹണി പ്രസിഡന്റ്, കെ എൻ അശോക് കുമാർ ജന. സെക്രട്ടറി

പി ഹണി പ്രസിഡന്റ് | കെ എൻ അശോക്കുമാർ ജനറൽ സെക്രട്ടറി | ആർ നിഷാ ജാസ്മിൻ ട്രഷറർ

കേരള സെക്രട്ടറിയറ്റ് എംപ്ലോയീസ് അസോസിയേഷൻ പ്രസിഡന്റായി പി ഹണിയെയും ജനറൽ സെക്രട്ടറിയായി കെ എൻ അശോക്കുമാറിനെയും ട്രഷററായി ആർ നിഷ ജാസ്മിനെയും തെരഞ്ഞെടുത്തു. മറ്റ് ഭാരവാഹികൾ: എസ് ഷിലാകുമാരി, ഇ നാസർ, സിന്ധു ഗോപൻ (വൈസ് പ്രസിഡന്റുമാർ), പുത്തനമ്പലം ശ്രീകുമാർ, എസ് എസ് ദീപു, നാഞ്ചല്ലൂർ ശശികുമാർ, കല്ലുവിള അജിത് (സെക്രട്ടറിമാർ). എസ് ബിനു, ബി ബിനോയ് കൃഷ്ണൻ, പ്രേമാനന്ദ് തെക്കുംകര, എസ് ദീപ, എസ് പത്മകുമാർ, പി ഗിരീഷ്കുമാർ, കെ എസ് പ്രജിത്കുമാർ, സഞ്ജയ് പ്രസാദ്, ജി ശിവകുമാർ, എം എസ് രഞ്ജിത്, ഐ കവിത, വി മനു, ആർ ജെ അരുൺ ചന്ദ്രൻ, ഡി അരുൺകുമാർ, വി ഐ പ്രദീപ്കുമാർ, സി എസ് പ്രസാദ്കുമാർ, പി പി റീന, ജി ഗിരീഷ്കുമാർ, ലക്ഷ്മി പ്രതാപൻ, റോസ് മേരി പ്രസില്ല, എം പി പ്രിയമോൾ, ബി റാസി, ആർ എസ് അജിത്കുമാർ, ജി പ്രദീപ്കുമാർ, എ ആർ രശ്മി, ബി സുനിതകുമാരി, ബി ജോൺദാസ്, സെൻ ജെറി ജോൺ, ആർ അനീഷ്കുമാർ, ഡി കെ ശ്രീജ (നിർവാഹക സമിതി അംഗങ്ങൾ).

പ്രകടനത്തോടെ സമാപനം

കേരള സെക്രട്ടറിയറ്റ് എംപ്ലോയീസ് അസോസിയേഷൻ സുവർണ ജൂബിലി സമ്മേളനത്തിന് സമാപനം കുറിച്ചുള്ള പ്രകടനം രാവിലെ പത്തിന് സെക്രട്ടറിയറ്റ് ക്യാന്റീൻ പരിസരത്ത് നിന്നാരംഭിക്കും. നാലായിരത്തോളം പ്രവർത്തകർ അണിനിരക്കുന്ന പ്രകടനത്തിന് മോടി കൂട്ടാൻ കലാരൂപങ്ങളും ബാൻഡ് മേളവുമുണ്ടാകും.

സിൽവർ ജൂബിലി നിറവിൽ നിയമസഭാ മന്ദിരം

വിദേശ ചാരുതയും കടംകൊണ്ട ശിൽപ്പഭംഗി

സുജിത് ബേബി

തിരുവനന്തപുരം

■ 22ന് നിയമസഭാ മന്ദിരത്തിന് കാൽനൂറ്റാണ്ട് പൂർത്തിയാകും

സിൽവർ ജൂബിലിയുടെ പ്രൗഢിയിൽ നിൽക്കുന്ന നിയമസഭാ മന്ദിരത്തിന്റെ ശിൽപ്പഭംഗിക്ക് കടംകൊണ്ട വിദേശ ചാരുതയുമുണ്ട്. വിവിധ രാജ്യങ്ങളിലെ പാർലമെന്റുകളും നിയമസഭാ മന്ദിരങ്ങളും സന്ദർശിച്ച നിയമസഭാ സംഘത്തിന്റെ ആശയങ്ങളാണ് പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള കേരള കൺസ്ട്രക്ഷൻ കോർപറേഷൻ രൂപകൽപ്പനചെയ്തത്. 1998 മെയ് 22ന് ഇ കെ നായനാർ മുഖ്യമന്ത്രി ആയിരിക്കെ പുതിയ മന്ദിരം പ്രവർത്തനമാരംഭിച്ചു. 22ന് നിയമസഭാ മന്ദിരത്തിന് കാൽനൂറ്റാണ്ട് പൂർത്തിയാകും.

സെക്രട്ടറിയറ്റിലെ നോർത്ത് ബ്ലോക്കിലായിരുന്നു പഴയ നിയമസഭാ ഹാൾ. കൂടുതൽ സൗകര്യമെന്ന നിർദേശത്തിലാണ് പുതിയ മന്ദിരത്തെക്കുറിച്ച് ആലോചിച്ചത്. കെ കരുണാകരൻ മുഖ്യമന്ത്രി ആയിരിക്കുമ്പോൾ ശിലയിട്ടെങ്കിലും പിന്നീടത് കാടുമൂടി. നിർമാണം പൂർത്തിയാക്കാതെ വർഷങ്ങളോളം കാടുമൂടിക്കിടക്കേണ്ടി വന്നു. തൂണുകളില്ലാതെ വിശാലമായ താഴികക്കുടം മാതൃകയിലുള്ള നിർമാണമായിരുന്നു പ്രധാന വെല്ലുവിളി.

സർക്കാർ അനാസ്ഥയും കാരണമായി. 1987ൽ വന്ന നായനാർ സർക്കാർ ഇക്കാര്യത്തിൽ നടപടികൾ സ്വീകരിച്ചു. പിന്നീട് വന്ന കരുണാകരൻ, ആന്റണി സർക്കാരുകൾ വീണ്ടുമുഴപ്പി. 1996ൽ എൽഡിഎഫ് സർക്കാർ വീണ്ടും അധികാരത്തിൽ വന്നതോടെ കാടുമൂടാൻ അനുവദിക്കില്ലെന്ന ഉറച്ച തീരുമാനത്തിൽ പുനർനിർമാണമാരംഭിച്ചു. ഇതിനായി ഉന്നതതല സമിതിയെ നിയോഗിച്ചു. പ്രത്യേകം ഷെഡ്യൂൾ തയ്യാറാക്കി നിർമാണത്തിന് സമയപരിധിയും നിശ്ചയിച്ചു. മുഖ്യമന്ത്രി ഇ കെ നായനാർ, സ്പീക്കർ എം വിജയകുമാർ, ധനമന്ത്രി ടി ശിവദാസമേനോൻ, പൊതുമരാമത്ത് മന്ത്രി പി ജെ ജോസഫ് എന്നിവരുടെ നേതൃത്വത്തിൽ നിർമാണ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു.

1998 മെയ് 22ന് രാഷ്ട്രപതി കെ ആർ നാരായണൻ ഉദ്ഘാടനംചെയ്തു. കേരളത്തിന്റെ ആദ്യ മുഖ്യമന്ത്രി ഇ എം എസിന്റെ തറവാടായ ഏലംകുളം മനയിൽനിന്നും മുൻ സ്പീക്കർമാരുടെ ശവകുടീരങ്ങളിൽനിന്നുമെത്തിച്ച ദീപശിഖകൾ ഉദ്ഘാടന ദിവസം സംഗമിച്ചു. തൊട്ടടുത്ത ജൂൺ 29ന് പത്താം നിയമസഭയുടെ കാലത്ത് ആദ്യ സമ്മേളനം ഇവിടെ ചേർന്നു. ഇ- നിയമസഭയിലെത്തി നിൽക്കുന്ന സഭാ ചരിത്രങ്ങൾക്കെല്ലാം പിന്നീടങ്ങോട്ട് ഈ മന്ദിരം സാക്ഷി.